"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്-2018-19 വാർഷിക പദ്ധതിയിൽ ജന്റർ റിസോഴ്സ് സെന്റർ തുടങ്ങാൻ പ്രോജക്ട് ആവിഷ്കരിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.541/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:- 1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്

2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.43-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ജന്റർ റിസോഴ്സ് സെന്റർ തുടങ്ങാൻ 2018-19 ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ജില്ലാ പഞ്ചായത്ത് വിഹിതമായി 2.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2.50 ലക്ഷം രൂപയുമാണ് (വികസനഫണ്ട്) വകയിരുത്തിയിരുന്നത്. പ്രവർത്തി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് (KSIE) മുഖേനയാണ് നടപ്പാക്കിയത്. ജില്ലാ പഞ്ചായത്ത് വിഹിതമായ 2.00 ലക്ഷം രൂപ 2018-19 ൽ തന്നെ ചെലവഴിച്ചു. ബ്ലോക്ക പഞ്ചായത്തു വിഹിതത്തിൽ നിന്ന് 58,368/- രൂപ 2019-20 ൽ ചെലവഴിച്ചു. ജന്റർ റിസോഴ്സ് സെന്റർ ബ്ലോക്ക പഞ്ചായത്തിന്റെ ചുമതല അല്ല എന്ന് ചൂണ്ടികാണിച്ച് കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് കുറിപ്പ് നൽകിയതിനെത്തുടർന്ന് ബാക്കി തുക KSIEക്ക് നൽകിയിട്ടില്ല. ഓഡിറ്റ് തടസ്സം നീക്കി ബാക്കി പണം KSIEക്ക് നൽകാൻ അനുമതി നൽകണമെന്ന് പരാമർശം (1) കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. ഓഡിറ്റ് കുറിപ്പ് സംബന്ധിച്ച് തുടർ നടപടിക്കായി വകുപ്പ്തലത്തിൽ നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ വനിതാ ക്ഷേമത്തിനു വേണ്ടിയുള്ള ഒരു പരിപാടി ആയിരുന്നു ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയതെന്നതു കൂടി പരിഗണിച്ച് ചെയ്ത പ്രവർത്തി ചുമതലയിൽ വരില്ല എന്നത് ഇളവു നൽകി. പരാമർശം (2) പ്രകാരം സാധൂകരണം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ജന്റർ റിസോഴ്സ് സെന്റർ തുടങ്ങാൻ 2018-19 ൽ ആവിഷ്കരിച്ച പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരില്ല എന്നതിൽ ഇളവ് നൽകി പ്രോജക്ട് ആവിഷ്കരിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 07-03-2022 12:47:43**

സെക്ഷൻ ഓഫീസർ